**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1826** **29-07-2021 - ൽ മറുപടിയ്ക്ക്**

**കിഫ്ബി വായ്പകളുടെ തിരിച്ചടവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി വായ്പകളുടെ തിരിച്ചടവിനായി പണം വകയിരുത്തിയിരിക്കുന്നത് ഏത് ബഡ്ജറ്റ് ശീർഷകത്തിലാണ്; ഇതിനായി കിഫ്ബിക്ക് പണം കൈമാറുന്നതിന്റെ നടപടിക്രമം വിശദമാക്കുമോ? | (എ) | ആന്വിറ്റി നൽകുക തിരിച്ചടവ് ബാധ്യതകൾ വീട്ടുക തുടങ്ങി ബോർഡിന്റെ പ്രവർത്തനപരവും ഭരണപരവുമായി ഉണ്ടാകുന്ന ചെലവുകൾക്കായി കേരള അടിസ്ഥാന സൗകര്യ വികസന നിധി (ഭേദഗതി)ആക്റ്റ്-2016 പ്രകാരം സർക്കാർ വർഷാവർഷം ബജറ്റിൽ തുക വകയിരുത്തേണ്ടതുണ്ട്. ഇതിൻ പ്രകാരം നിലവിൽ മോട്ടോർ വാഹന നികുതിയിൽ നിന്നുള്ള വിഹിതം 5475-00-115-98 ശീർഷകത്തിലും പെട്രോൾ/ഡീസൽ സെസ്സിൽ നിന്നുള്ള വിഹിതം 5475-00-115-97 ശീർഷകത്തിലും വകയിരുത്തി നല്കുന്നു. ബാധ്യത തീർക്കുന്നതിനും തിരിച്ചടവിനുമായി ഇതിനു പുറമേ തുക ആവശ്യമായി വരുന്ന പക്ഷം '5475-00-115-96 ശീർഷകത്തിൽ തുക വകയിരുത്തി നൽകുന്നതാണ്. സാമ്പത്തിക വർഷത്തിന്റെ തുടക്കം മുതൽ തന്നെ പ്രസ്തുത തുക ധനവകുപ്പ് ദിവസേന കിഫ്ബിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകി വരുന്നു. ആക്ട് നിഷ്കർഷിക്കുന്ന പ്രകാരം ഡിസംബർ 31 നു മുമ്പായി ഈ തുക മുഴുവനും കിഫ്ബിയ്ക്ക് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ